# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

12-02-2013 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1996

## എക്സൈസ് വകുപ്പ് വാങ്ങിയ സെർച്ച് ലൈറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും, തുറമുഖവും, എക്സൈസും വകുപ്പ് മന്ത്രി) |
| എ) എക്സൈസ് വകുപ്പിന് രാത്രികാല റെയ്ഡിനും മറ്റുമായി സെർച്ച് ലൈറ്റുകൾ വാങ്ങി നൽകിയിരുന്നുവോ ; എങ്കിൽ എത്രയെണ്ണമാണ് വാങ്ങിയത് ; സെർച്ച് ലൈറ്റുകൾ ഏത് കമ്പനിയുടേതാണ് എന്നത് സംബന്ധിച്ച വിശദാംശം നൽകുമോ ; | എ) സെർച്ച് ലൈറ്റുകൾ വാങ്ങി നൽകിയിട്ടുണ്ട്. 620 സെർച്ച് ലൈറ്റുകൾ വാങ്ങി, ഫീൽഡ് യൂണിറ്റുകളിൽ വിതരണം നടത്തിയിട്ടുണ്ട്. "ശ്രീശക്തി ഇൻഡസ്ട്രിയൽസ്", No.225/91, 7th Main Road, Prakash Nagar, Banglore - 560021 എന്ന കമ്പനിയുടെ സെർച്ച് ലൈറ്റുകളാണ് വാങ്ങിയിട്ടുള്ളത്. |
| ബി) ഇപ്രകാരം വിതരണം നടത്തിയ സെർച്ച് ലൈറ്റുകൾ തിരികെ വാങ്ങിയിട്ടുണ്ടോ ; എങ്കിൽ എന്തുകൊണ്ട് ; | ബി) തിരികെ വാങ്ങിയിട്ടില്ല. എന്നാൽ, സാങ്കേതിക തകരാർ വന്ന ചില സെർച്ച് ലൈറ്റുകൾ വാറന്റി ഉപയോഗപ്പെടുത്തി കമ്പനിയിൽ നിന്നും റിപ്പയർ ചെയ്ത് പകരം നൽകിയിട്ടുണ്ട്. |
| സി) സെർച്ച് ലൈറ്റുകൾ വാങ്ങുന്നതിനായി എത്ര തുക ചെലവഴിച്ചു ; ഒരു സെർച്ച് ലൈറ്റിന് എത്ര തുക എന്ന നിരക്കിലാണ് ചെലവായത് ; | സി) ഒരെണ്ണത്തിന് 2655/-രൂപ നിരക്കിൽ, ആകെ 16,46,100/-രൂപ ചെലവിലാണ് 620 സെർച്ച് ലൈറ്റുകൾ വാങ്ങിയിട്ടുള്ളത്. |
| ഡി) ഗുണമേന്മയില്ലാത്തതും കമ്പനിയുടെ പേരോ മറ്റു വിവരങ്ങളോ രേഖപ്പെടുത്തിയിട്ടില്ലാത്തതുമായ സെർച്ച് ലൈറ്റുകൾ വാങ്ങാനിടയായ സാഹചര്യം വിശദമാക്കുമോ ; | ഡി) പോലീസ് വകുപ്പിൽ നിന്നും ലഭ്യമായ സ്പെസിഫിക്കേഷൻ അനുസരിച്ച്, ടെൻഡർ പരസ്യം ചെയ്ത്, നടപടിക്രമം പാലിച്ച്, ഗുണമേന്മയുള്ള സെർച്ച് ലൈറ്റുകൾ ആണ് വാങ്ങിയിട്ടുള്ളത്.<br>29-01-10ലെ12/എ2/2010/എസ്.പി.ഡി നമ്പർ സർക്കാർ സർക്കുലർ പ്രകാരം, ഒരു പ്രത്യേക ബ്രാന്റോ, ബ്രാന്റുകളോ കാണിച്ച് ടെണ്ടർ വിളിക്കുന്നത്, സ്റ്റോർ പർച്ചേസ് മാന്വൽ പാര 24(b)(iv) -ൽ പ്രതിപാദിക്കുന്ന നിയമത്തിന് വിരുദ്ധമാണ് എന്നതിനാൽ, പോലീസ് |

(മറുപുറം)

വകുപ്പിൽ വാങ്ങുന്നതും, ഉപയോഗിച്ചുവരുന്നതുമായ സെർച്ച് ലൈറ്റിന്റെ സ്പെസിഫിക്കേഷൻ വാങ്ങിയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ പരസ്യം നൽകിയാണ് സെർച്ച് ലൈറ്റുകൾ വാങ്ങിയത്. ടെണ്ടർ പ്രകാരം ലഭിച്ച സാമ്പിൾ ലൈറ്റ്, ആയതിന്റെ ബ്രോഷർ എന്നിവ പരിശോധിച്ചതിൽ, നിശ്ചിത സ്പെസിഫിക്കേഷൻ പൂർണ്ണമായും പാലിക്കുന്ന സെർച്ച് ലൈറ്റ് സമർപ്പിച്ചിട്ടുള്ളത്, ശ്രീശക്തി ഇൻഡസ്ട്രിയൽസ്, ബാംഗ്ലൂർ എന്ന കമ്പനിയായിരുന്നു. ടി കമ്പനി ഹാജരാക്കിയ സെർച്ച് ലൈറ്റ് സാമ്പിൾ, പർച്ചേസ് കമ്മിറ്റി അംഗങ്ങൾ വിശദമായി പരിശോധിച്ച് ഉറപ്പുവരുത്തിയിരുന്നു. കമ്പനിയുടെ പേര് പതിക്കാത്ത സെർച്ച് ലൈറ്റുകളാണ് ടി കമ്പനി സപ്ലൈ ചെയ്തിട്ടുള്ളത്. സ്പെസിഫിക്കേഷൻ പാലിക്കുന്നതും ഗുണനിലവാരം ഉണ്ടെന്ന് ബോധ്യപ്പെട്ടതിലും മറ്റ് കമ്പനികൾ ഹാജരാക്കിയ സെർച്ച് ലൈറ്റുകൾ ഇതിനേക്കാൾ ഗുണനിലവാരം കാണിക്കാത്തതും സ്പെസിഫിക്കേഷൻ പാലിക്കാതെ വന്നതുമായ സാഹചര്യത്തിലാണ്, ശ്രീശക്തി ഇൻഡസ്ട്രിയൽസ്, ബാംഗ്ലൂർ എന്ന കമ്പനി ഹാജരാക്കിയ സെർച്ച് ലൈറ്റ് വാങ്ങിക്കുവാൻ തീരുമാനിച്ചത്. രണ്ട് വർഷത്തെ റീപ്ലേസ്മെന്റ് വാറന്റി ഉള്ളതിനാലും കൃത്യമായി റീചാർജ്ജ് ചെയ്യാതിരിക്കുന്നതുകൊണ്ടോ മറ്റ് കാരണം കൊണ്ടോ ടി സെർച്ച് ലൈറ്റുകൾക്ക് തകരാറ് സംഭവിക്കുകയാണെങ്കിൽ, വാറന്റി ഉപയോഗപ്പെടുത്തി കേടുപാടുകൾ എത്രയും വേഗത്തിൽ മാറ്റുന്നതിന് ശ്രീശക്തി ഇൻഡസ്ട്രിയൽസിന്റെ കേരളത്തിലെ തൃശൂർ, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലെ സർവ്വീസ് സെന്ററുകൾ ഉപയോഗപ്പെടും എന്ന് കൂടി കണ്ടതിനാലാണ് പ്രസ്തുത കമ്പനിയുടെ ഉപകരണം തെരഞ്ഞെടുത്തത്.

ഇ). സർക്കാർ പണം ഇപ്രകാരം ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വിശദമാക്കുമോ ?

ഇ) ഈ വിഷയത്തിൽ, സർക്കാർ പണം യാതൊരു വിധത്തിലും ദുരുപയോഗം ചെയ്തിട്ടില്ല.

സെക്ഷൻ ഓഫീസർ